# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 799 09.08.2017-ൽ മറുപടിക്ക്**

## വനം വകുപ്പിന്റെ ആധുനിക വൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിന്റെ ആധുനിക വൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വനം വകുപ്പിന്റെ ആധുനിക വൽക്കരണത്തിനായി വയർലസ് ശൃംഖല കാര്യക്ഷമമാക്കിയും, ഫോറസ്റ്റ് ഡിവിഷൻ, ജി.ഐ.എസ് അറ്റ്ലസുകൾ നിർമ്മിച്ചും, സെക്ഷൻ പോക്കറ്റ് മാപ്പുകൾ സൃഷ്ടിച്ചും സ്റ്റേഷൻ തലം വരെ കമ്പ്യൂട്ടർവൽക്കരണം നടത്തിയും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തലം വരെ ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തിയും FMIS മൊഡ്യൂളുകൾ സൃഷ്ടിച്ചും ആധുനികതയിലൂന്നിയ വെബ്സൈറ്റ് ഉണ്ടാക്കിയിട്ടുണ്ട്.<br><br>കൂടാതെ വന്യമൃഗാക്രമണങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിന് 01/08/2016 മുതൽ ഇ-ഡിസ്ട്രിക്റ്റ് മുഖേന ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വനപാലകരുടെ ജോലിസമയം എട്ടു മണിക്കൂറായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ദിവസങ്ങൾ / സമയം എന്നിവ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | ഇക്കാര്യം സർക്കാരിന്റെ പരിഗണന-യിലില്ല. |
| (സി) | വനപാലകരുടെ അധിക ജോലിക്ക് ആനുപാതികമായി ഡ്യൂട്ടി ഓഫ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ്/ ഡ്യൂട്ടി ഓഫ് അനുവദിക്കുന്നുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ